LIBRARY ARCHIVES Kerala Legislative Assembly

**സിറ്റിസൺസ് ചാർട്ട് പ്രസിദ്ധീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ**

**69 (825)** ശ്രീ. വി. ബാലറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൗൺ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ സിറ്റിസൺസ് ചാർട്ട് പ്രസിദ്ധീകരിക്കണമെന്നത് നിർബന്ധിതമാണോ ;

(ബി) എങ്കിൽ എപ്പോഴാണ് ഇത് പ്രസിദ്ധീകരിക്കേണ്ടത് ;

(സി) ഇതുവരെ എത്ര ടൗൺ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സിറ്റിസൺസ് ചാർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ശേഷിച്ചവ ഇതു പ്രസിദ്ധീകരിക്കാനുള്ള അവസാന തീയതി എന്നാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 563 (എ) വകുപ്പ് പ്രകാരം സംസ്ഥാനത്തെ നഗരസഭകൾ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

(ബി) 1-12-2000-ലെ ജി.ഒ.(പി)335/2000/തസ്വഭവ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം കേരളാ മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ആയത് പ്രകാരം ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷം ആറുമാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് ഓരോ വർഷവും ടി രേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(സി) സംസ്ഥാനത്ത് 9 നഗരസഭകൾ മാത്രമാണ് ഇതുവരെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ശേഷിച്ച നഗരസഭകൾ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ**

**70 (826)** ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഓരോ വകുപ്പിൽനിന്നും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവായി ;

(ബി) ഓരോ വകുപ്പിൽ നിന്നും എത്ര സാങ്കേതിക വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവായി ;

(സി) പുനർവിന്യാസ ഉത്തരവുപ്രകാരം ഓരോ വകുപ്പിലേയും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചുമതല ഏറ്റെടുത്തു ;

(ഡി) പുനർവിന്യാസ ഉത്തരവുപ്രകാരം ഓരോ വകുപ്പിലേയും എത്ര സാങ്കേതിക വിഭാഗം ജീവനക്കാർ തദ്ദേശഭരണസ്ഥാപനങ്ങളിൽ ചുമതല ഏറ്റെടുത്തു ;

(ഇ) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരോ, സാങ്കേതിക വിഭാഗം ജീവനക്കാരോ ചുമതല ഏറ്റെടുത്തിട്ടില്ലെങ്കിൽ എന്തുനടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(എഫ്) ഓരോ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇനിയും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരേയും എത്ര സാങ്കേതിക വിഭാഗം ജീവനക്കാരേയും പുനർവിന്യസിക്കേണ്ടതുണ്ട് ;

(ജി) പുനർവിന്യാസ നടപടികൾ എപ്പോഴത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1894. വിശദവിവരം ചുവടെ ചേർക്കുന്നു :

മിനിസ്റ്റീരിയൽ വിഭാഗം

| | | |
|---|---|---|
| 1. | കൃഷി വകുപ്പ് | 334 |
| 2. | മണ്ണുസംരക്ഷണ വകുപ്പ് | 30 |
| 3. | മൃഗസംരക്ഷണ വകുപ്പ് | 48 |
| 4. | ക്ഷീരവികസന വകുപ്പ് | 24 |
| 5. | മത്സ്യബന്ധന വകുപ്പ് | 27 |
| 6. | വ്യവസായ വകുപ്പ് | 28 |
| 7 | സഹകരണ വകുപ്പ് | 28 |
| 8. | പൊതുമരാമത്ത് വകുപ്പ് | 62 |
| 9. | ജലവിഭവ വകുപ്പ് | 297 |
| 10. | ഗ്രാമവികസന വകുപ്പ് | 11 |
| 11. | സാമൂഹ്യക്ഷേമ വകുപ്പ് | 87 |
| 12. | വിദ്യാഭ്യാസ വകുപ്പ് | 15 |
| 13. | ആരോഗ്യ വകുപ്പ് | 28 |
| 14. | നാട്ടുചികിത്സ വകുപ്പ് | 19 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 15. | റവന്യൂ വകുപ്പ് | 126 |
| 16. | തൊഴിൽ വകുപ്പ് | 35 |
| 17. | എംപ്ലോയ്മെന്റ് വകുപ്പ് | 26 |
| | ആകെ | 1225 |

അനുബന്ധ മിനിസ്ട്രീരിയൽ വിഭാഗം

| | |
|---|---|
| പൊതുമരാമത്ത് വകുപ്പ് | 569 |
| ജലവിഭവ വകുപ്പ് | 100 |
| ആകെ | 669 |

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും 851-ഉം ജലവിഭവ വകുപ്പിൽനിന്നും 1311-ഉം പേരെ സാങ്കേതിക (എൻജിനീയറിംഗ്) വിഭാഗത്തിൽ നിന്നും പുനർവിന്യസിച്ചിട്ടുണ്ട്.

(സി&ഡി) കൃത്യമായ കണക്ക് ലഭ്യമല്ല. പുനർവിന്യാസത്തിലൂടെ നിയമിക്കപ്പെട്ട ജീവനക്കാരിൽ ചിലർ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജികൾ മൂലവും പുനർവിന്യാസത്തിൽനിന്നും ഒഴിവാക്കപ്പെടാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, അനുയോജ്യമായ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ എന്നിവമൂലവും എല്ലാ വിഭാഗം ജീവനക്കാരും കൃത്യമായി ചാർജ്ജ് എടുത്തിട്ടില്ല.

(ഇ) 16-1-2002-ലെ ജി.ഒ.(പി)56/02/ഫിൻ. ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള വേതനനിരാധനം ഏർപ്പെടുത്തുവാൻ മാതൃവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇനിയും പുനർവിന്യസിക്കേണ്ട ജീവനക്കാരുടെ വിശദാംശം താഴെ ചേർക്കുന്നു.

മിനിസ്ട്രീരിയൽ വിഭാഗം

| | |
|---|---|
| കൃഷി വകുപ്പ് | 3 |
| മത്സ്യബന്ധന വകുപ്പ് | 2 |
| ജലവിഭവ വകുപ്പ് | 3 |
| പട്ടികജാതി വികസന വകുപ്പ് | 54 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 14 |
| തൊഴിൽ വകുപ്പ് | 1 |
| ആകെ | 77 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| **സാങ്കേതിക വിഭാഗം** | |
| പൊതുമരാമത്ത് വകുപ്പ് | 713 |
| ജലവിഭവ വകുപ്പ് | 253 |
| ആകെ | 966 |
| **അനുബന്ധ മിനിസ്റ്റീരിയൽ വിഭാഗം** | |
| പൊതുമരാമത്ത് വകുപ്പ് | 205 |
| ജലവിഭവ വകുപ്പ് | 674 |
| ആകെ | 879 |

(ജി) കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ കൃത്യമായ തീയതി നിശ്ചയിച്ചിട്ടില്ല. എത്രയും വേഗം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

**പുനർവിന്യാസം വഴി നിയമിക്കപ്പെട്ടവർക്ക് ശമ്പളം നൽകാൻ നടപടി**

**71 (827)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി., ഇറിഗേഷൻ വകുപ്പുകളിൽ നിന്നും പുനർവിന്യാസംവഴി തദ്ദേശസ്വയംഭരണ ചീഫ് എൻജിനീയറുടേയും ഓഫീസുകളിലേയ്ക്ക് മാറ്റി നിയമിച്ച ഉദ്യോഗസ്ഥർക്ക് ഇതുവരേയും ശമ്പളം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഓഫീസ് സൗകര്യങ്ങൾ എന്നത്തേയ്ക്ക് ശരിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഉദ്യോഗസ്ഥർക്ക് ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ഉദ്യോഗസ്ഥരുടെ ജോലി സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് 25-4-2003-ലെ 17378/പി1/2003/തസ്വഭവ. സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. നടപടികൾ ഉടൻ പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി). ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly